# മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ

## ക്രൈസ്തവസഭകൾക്ക് ആത്മാർത്ഥത ഉണ്ടോ?

എം. എം. അഗസ്റ്റിൻ

മദ്യവിരുദ്ധ സമൂഹത്തിനുവേണ്ടി വാദിക്കുകയും മെത്രാന്മാർ ഇടയലേഖനങ്ങൾ ഇറക്കി കന്യാസ്ത്രീകളേയും അച്ചന്മാരേയും വിശ്വാസികളായ കുഞ്ഞാടുകളേയും തെരുവിലിറക്കി സമരവും മറ്റും ചെയ്യുന്ന ക്രൈസ്തവസഭകൾക്ക് മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ യഥാർത്ഥത്തിൽ ആത്മാർത്ഥതയുണ്ടോ? ഉണ്ടെങ്കിൽ സഭാമേലധ്യക്ഷന്മാർ ആദ്യം ചെയ്യേണ്ടത് തങ്ങളുടെ അധികാരത്തിൻകീഴിലുള്ള സഭാംഗങ്ങളുടെ വാറ്റും കുടിയും നിർത്തുകയാണ് വേണ്ടത്? മനസ്സിനിണങ്ങിയ ഒരാളെ ജീവിതപങ്കാളിയാക്കിയതിന് (മറ്റ് മതക്കാരേയോ മറ്റ് സഭക്കാരേയോ) പള്ളിക്കുറ്റം ചുമത്തി കൂദാശ മുടക്കവും മറ്റ് ശിക്ഷകളും വിധിക്കുന്ന സഭ സഭാംഗങ്ങളായ ചാരായം വാറ്റുകാരുടേയും അബ്കാരികളുടേയും മേൽ എന്ത് നടപടിയെടുത്തു? അബ്കാരികളിൽ ഭൂരിപക്ഷം ക്രിസ്ത്യാനികളല്ലേ? പ്രത്യേകിച്ച് കത്തോലിക്കരല്ലേ?

യേശുവും ബൈബിളും വിലക്കിയ ഒരു തൊഴിൽ (മദ്യക്കച്ചവടം തൊഴിലല്ല, ചൂഷണമാണ്) ചെയ്യുന്ന സഭാവിശ്വാസികൾക്കെതിരെ നടപടിയെടുക്കാൻ സഭയ്ക്ക് ധാർമ്മിക ഉത്തരവാദിത്തമില്ലേ? ഏതെങ്കിലും ചാരായം വാറ്റുകാരനേയോ അബ്കാരി കോൺട്രാക്ടറേയോ ചാരായ നിർമ്മാണത്തിലും വ്യാപാരത്തിലും ഏർപ്പെട്ടതിന്റെ പേരിൽ കൂദാശകൾ മുടക്കുകയോ ശിക്ഷാനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? പകരം യേശുവിന്റെ (തിരുഹൃദയത്തിന്റെ) പടംവെച്ച് ബാറുകളും മറ്റും ആശീർവ്വദിച്ച് കൊടുക്കുകയല്ലേ ചെയ്യുന്നത്. ചാരായം വാറ്റും കുടിയും മദ്യക്കച്ചവടവും മറ്റും നടത്തി തകരുകയും തകർക്കുകയും ചെയ്യുന്ന മനുഷ്യജീവിതങ്ങൾക്ക് പകരം എന്ത് കൊടുക്കും?

പള്ളിപ്പെരുന്നാളിന് പിരിവ് കൊടുക്കാത്തതിന്റെ പേരിലും കുടിശ്ശിക കൊടുക്കാത്തതിന്റെ പേരിലും പല പാവപ്പെട്ട ആളുകളുടെ മേൽ സ്വീകരിച്ച ശിക്ഷാനടപടികളെങ്കിലും ചാരായം വാറ്റുന്ന പിശാചുകൾക്കെതിരെ സ്വീകരിക്കാമായിരുന്നില്ലേ?

പല പള്ളികളും കുരിശുപള്ളികളും പണിയാൻ മുഖ്യമായി സംഭാവന ചെയ്യുന്നത് അബ്കാരികളല്ലേ? സാധാരണ ധാർമ്മികതയുടെ പേരിലെങ്കിലും ഈ പണം (പാവപ്പെട്ടവന്റെ രക്തവും ജീവനും വിറ്റുകിട്ടിയ പണം) വേണ്ടായെന്ന് ഏതെങ്കിലും സഭാധികാരികൾ പറഞ്ഞിട്ടുണ്ടോ?)

സഭാംഗങ്ങളുടെ വിവാഹം, മാമോദീസ, അടിയന്തിരം തുടങ്ങിയ ചടങ്ങുകളിൽ മുഖ്യസ്ഥാനം മദ്യത്തിനല്ലേ? ഈസ്റ്റർ, ക്രിസ്തുമസ്സ് തുടങ്ങിയ ദിവസങ്ങളും ആഘോഷിക്കുന്നത് മദ്യം കൊണ്ടല്ലേ? പള്ളിപ്പെരുന്നാളുകളിൽ ഏറ്റവും കൂടുതൽ നടക്കുന്ന കച്ചവടം മദ്യക്കച്ചവടമല്ലേ? ഇതിനെതിരെ സഭാധികാരികൾക്ക് ഒന്നും ചെയ്യാനില്ലേ?

മദ്യത്തിനെതിരെയുള്ള സഭയുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ മദ്യക്കച്ചവടത്തിലും മറ്റും ഏർപ്പെട്ടിരിക്കുന്നവരുടെ പേരിൽ സഭാപരമായ നടപടികൾ സ്വീകരിച്ചുകൂടേ? മദ്യവ്യാപാരികളുടെ പള്ളിക്കാര്യങ്ങൾ മുടക്കിക്കൂടേ? കേരളത്തിൽ ആളിലും അർത്ഥത്തിലും ഒട്ടും കുറവല്ലാത്ത ക്രൈസ്തവസഭകൾ അതിന്റെ അംഗങ്ങളുടെ ഇടയിൽ മദ്യനിരോധനം നടപ്പാക്കിയാൽ തന്നെ ഏതാണ്ട് മദ്യനിരോധനത്തിന് തുല്യമായേക്കും. ഏറ്റവും കൂടുതൽ മദ്യവുമായി ബന്ധപ്പെടുന്നതും ഉപയോഗിക്കുന്നതും ക്രിസ്ത്യാനികളാണ് എന്നതുകൊണ്ടുതന്നെ.

പ്രവർത്തിയിലൂടെ പ്രതിഫലിക്കാത്ത വിശ്വാസം ജഡികമാണെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. പ്രവർത്തിയിലൂടെ വിശ്വാസം പ്രതിഫലിച്ച് മദ്യകച്ചവടക്കാരുമായുള്ള സകലവിധ ബന്ധങ്ങളും വിച്ഛേദിക്കണം.

മദ്യത്തിന് ഇന്നുള്ള മാന്യത (പൈശാചിക മാന്യത) ഇല്ലാതാക്കണം. അതിനുള്ള നട്ടെല്ലും തലച്ചോറും സഭയ്ക്ക് ഉണ്ടാവണം. മദ്യത്തിന്റെ പണം പാപത്തിന്റെ പണമാണ്. പാപത്തിന്റെ ഫലം മരണമാണ്.

കക്ഷിവഴക്കുകളുടെ പേരിലും ആരാധനാക്രമങ്ങളുടെ പേരിലും തമ്മിൽത്തല്ലി, വഴക്കടിച്ച് കേസ്സും കോടതിയുമായി നടക്കുന്ന സഭകൾക്ക് ഇത്തരം സുവിശേഷവൽക്കരണപ്രവർത്തനങ്ങൾക്ക് സമയം കിട്ടുമോ എന്തോ?